www.gospelinmalayalam.com

## CHAPTER: 2

2:1-13 Challenge to Endurance .നിലനിൽക്കണം. അതിനുള്ള വെല്ലുവിളി.

2:1-7 Enduring Hardship for Christ. ക്രിസ്തുവിനായി കഷ്ടം സഹിക്ക.

2:1 എന്റെ മകനെ ക്രിസ്തുവിലുള്ള കൃപയാൽ ശക്തിപ്പെടുക.

സ്വന്ത ശക്തിയിൽ അല്ല, ക്രിസ്തുവിന്റെ കൃപ ശക്തി പകരും.

Phil 4:13, Eph 6:10

Phil 4:13 *എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു*

Eph 6:10 *ഒടുവിൽ കർത്താവിലും അവന്റെ അമിത ബലത്തിലും ശക്തിപ്പെടുവിൻ*

2:2 പൗലൂസിനോടൊപ്പം നിന്ന തിമോത്തി പൗലൂസിൽ നിന്നും ധാരാളം ഉപദേശങ്ങൾ കേട്ടു.

പൗലൂസ് തന്റെ ശുശ്രൂഷയുടെ അന്ത്യകാലത്തിലെത്തി എന്നു മനസ്സിലാക്കി, തിമോത്തിയെ ഉപദേശിക്കുകയാണ്:-

തന്നോടു കേട്ടതെല്ലാം വിശ്വസ്തരായ ശിഷ്യരെ ഏല്പിക്ക.

മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തരെ ഏല്പിക്ക.

Titus 1:9 1 Tim 3:2

1 Tim 3:2 *എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം.*

സുവിശേഷം ലോകത്തിൽ വ്യാപിച്ചത് ഈ തത്വം അനുസരിച്ച്:- “വർദ്ധനവിന്റെ ശുശ്രൂഷ”. Ministry of multiplication എന്ന് ഇതിനെ വിളിക്കാം.

ഇത് സുവിശേഷത്തിൽ ദൈവത്തിന്റെ പദ്ധതി തന്നെ.

ഓരോ വിശ്വാസിയും അദ്ധ്യാപകൻ ആകണം. അദ്ധ്യാപകരുടെ വർദ്ധനവ് വിശ്വാസികൾ വർദ്ധിക്കാനിടയാകും. ഈ തത്വം തുടർന്നുകൊണ്ടേയിരിക്കണം.

Each day Teachers get multiplied and hence believers get multiplied. സുവിശേഷം ഒന്നാം നൂറ്റാണ്ടിൽ തന്നെ ശ്കതിയോടെ വ്യാപരിച്ചു. ദൈവത്തിന് സ്തോത്രം.

2:3-4 ക്രിസ്തുയേശുവിന്റെ നല്ല ഭടനായി നീയും എന്നോടുകൂടെ കഷ്ടം സഹിക്ക.

സത്യത്തിനുവേണ്ടി നിലനിൽക്കുന്നവർക്ക് ലോകത്തിൽ കഷ്ടം ഉണ്ട്.

പൗലോസ് സത്യം മറച്ചുവെക്കാതെ തുറന്നു പറയുന്നു. കഷ്ടം സഹിക്കാൻ തയ്യാറായിക്കൊൾക.

Be prepared to suffer affliction for our Lord.

വി. പൗലൂസ് ഒരു സുവിശേഷകന്റെ പ്രവൃത്തിയെ ‘പടയാളി’ ആയി ഇവിടെ ചിത്രീകരിക്കുന്നു.

മറ്റു ചിലയിടങ്ങളിൽ കായികതാരമായും (Athlete) കൃഷിക്കരനായും (Farmer) ഉപമിച്ചിട്ടുണ്ട്.

Greek സാഹിത്യത്തിൽ ഈ രീതിയിലുള്ള വിവരണം സാധാരണമായിരുന്നു. 1 Cor. 9:7, 1 Cor 9:24

1 Cor. 9:7 *സ്വന്ത ചെലവിന്മേൽ യുദ്ധസേവ ചെയ്യുന്നവൻ ആർ? മുന്തിരിത്തോട്ടം ഉണ്ടാക്കി അതിന്റെ ഫലം തിന്നാതിരിക്കുന്നവൻ ആർ? ആട്ടിൻ കൂട്ടത്തെ മേയിച്ചു കൂട്ടത്തിന്റെ പാൽകൊണ്ടു ഉപജീവിക്കാതിരിക്കുന്നവൻ ആർ?*

fleettech@gmail.com

www.gospelinmalayalam.com

1 Cor 9:24 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ.*

പൗലൂസിന്റെ കൂടെ എപ്പോഴും തടവിൽ ഒരു റോമൻ പടയാളി ഉണ്ടായിരുന്നു. അതിനാൽ പൗലൂസിന്റെ ചിന്തയെ പടയാളിയുടെ ജീവിതം വളരെ സ്വാധീനിച്ചു.

Eph 6:11-18 *പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തുനില്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. നമുക്കു പോരാട്ടം ഉള്ളതു ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മസേനയോടും അത്രേ. അതുകൊണ്ടു നിങ്ങൾ ദുർദ്ദിവസത്തിൽ എതിർപ്പാനും സകലവും സമാപിച്ചിട്ടു ഉറെച്ചു നില്പാനും കഴിയേണ്ടതിന്നു ദൈവത്തിന്റെ സർവ്വായുധവർഗ്ഗം എടുത്തുകൊൾവിൻ. നിങ്ങളുടെ അരെക്കു സത്യം കെട്ടിയും നീതി എന്ന കവചം ധരിച്ചും സമാധാന സുവിശേഷത്തിന്നായുള്ള ഒരുക്കം കാലിന്നു ചെരിപ്പാക്കിയും എല്ലാറ്റിന്നും മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കെയും കെടുക്കുവാന്തക്കതായ വിശ്വാസം എന്ന പരിച എടുത്തുകൊണ്ടും നില്പിൻ. രക്ഷ എന്ന ശിരസ്ത്രവും ദൈവവചനം എന്ന ആത്മാവിന്റെ വാളും കൈക്കൊൾവിൻ. സകലപ്രാർത്ഥനയാലും യാചനയാലും ഏതുനേരത്തും ആത്മാവിൽ പ്രാർത്ഥിച്ചും അതിന്നായി ജാഗരിച്ചും കൊണ്ടു സകലവിശുദ്ധന്മാർക്കും എനിക്കും വേണ്ടി പ്രാർത്ഥനയിൽ പൂർണ്ണസ്ഥിരത കാണിപ്പിൻ.*

(Phil 2:25 സഹഭടനായ എപ്പപ്രൊദിത്തോസ്, Phil 2 സഹഭടനായ അർക്കിപ്പോസ്).

ഒരു Roman Soldier എന്നാൽ എന്ത് = തന്നിൽ നിക്ഷിപ്തമായ ജോലിയിലുള്ള ഏകാഗ്രത, ശ്രദ്ധയേറിയ കഠിനമായ ശിക്ഷണം, ചോദ്യം ചെയ്യാതെ അനുസരിക്കാനുള്ള മനസ്സ്.

ഒരു സുവിശേഷകനിൽ ഈ 3 qualities ഉം ഒത്തിണങ്ങി ചേരണം. ഇതാണ് പൗലൂസിന്റെ ദർശനത്തിലുള്ള വിശ്വസ്തനായ സുവിശേഷ പടയാളി.

സ്വന്തകാര്യങ്ങൾ മാറ്റിവെച്ച് സ്വന്ത ജീവിതം അപ്രസക്തമായ അധ്യായമാക്കി മാറ്റി, മനസ്സും ശരീരവും ഒന്നുപോല തന്നെ പടയ്ക്കു ചേർത്തവനെ സേവിക്കാനായി ഉഴിഞ്ഞു വെയ്ക്കുക.

2:5 ഒരു പടയാളിയിൽ നിന്നും പെട്ടന്ന് നമ്മുടെ ചിന്തയെ ഒരു "കായികാഭ്യാസി"യിലേയ്ക്ക് (Athlete) വി. പൗലൂസ് കൊണ്ടുപോകുന്നു.

Olympics ൽ പങ്കെടുക്കുന്ന Athlete നന്നായി Training എടുക്കണം. അന്ന് നിലനിന്ന ചട്ടങ്ങൾ തങ്ങൾ പാലിച്ചു എന്ന് statement കൊടുക്കണം.

കുറഞ്ഞത് പത്ത് മാസത്തെ തുടർച്ചയായ കായികപരിശീലനം എടുത്തിരിക്കണമായിരുന്നു.

ഓരോ Eventനും അതാതിന്റെ നിയമവും നിബന്ധനകളും പാലിച്ചേ മതിയാകൂ.

ഓട്ടം ഓടുന്നവർക്കും ചട്ടം വേറെ, long jumpന് വേറെ, High jumpന് വേറെ, swimming ന് വേറെ. എല്ലാവിധ കായികാഭ്യാസങ്ങൾക്കും അതാതിന്റെ നിയമസംഹിത ഉണ്ടായിരുന്നു. ചട്ടപ്രകാരം പോരാടുന്നവർക്കു മാത്രമേ കിരീടം പ്രാപിപ്പാൻ കഴിയൂ. കിരീടം പ്രാപിപ്പാൻ തക്കവണ്ണം വേണം ഓട്ടം ഓടുവാൻ. അല്ലെങ്കിൽ disqualified ആകും.

1 Cor 9:24-27, 2 Tim 4:7-8

1 Cor 9:24-27 *ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാവരും ഓടുന്നു എങ്കിലും ഒരുവനേ വിരുതു പ്രാപിക്കുന്നുള്ളു എന്നു അറിയുന്നില്ലയോ? നിങ്ങളും പ്രാപിപ്പാന്തക്കവണ്ണം ഓടുവിൻ. അങ്കം പൊരുന്നവൻ ഒക്കെയും സകലത്തിലും വർജ്ജനം ആചരിക്കുന്നു. അതോ, അവർ വാടുന്ന കിരീടവും നാമോ വാടാത്തതും പ്രാപിക്കേണ്ടതിന്നു തന്നേ. ആകയാൽ ഞാൻ നിശ്ചയമില്ലാത്തവണ്ണമല്ല ഓടുന്നതു; ആകാശത്തെ കുത്തുന്നതു പോലെയല്ല*

fleettech@gmail.com

www.gospelinmalayalam.com

*ഞാൻ മുഷ്ടിയുദ്ധം ചെയ്യുന്നതു. മറ്റുള്ളവരോടു പ്രസംഗിച്ചശേഷം ഞാൻ തന്നേ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന്നു എന്റെ ശരീരത്തെ ദണ്ഡിപ്പിച്ചു അടിമയാക്കുകയത്രേ ചെയ്യുന്നതു*

2 Tim 4:7-8 *ഞാൻ നല്ല പോർ പൊരുതു, ഓട്ടം തികെച്ചു, വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു; അതു നീതിയുള്ള ന്യായാധിപതിയായ കർത്താവു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല, അവന്റെ പ്രത്യക്ഷതയിൽ പ്രിയംവെച്ച ഏവർക്കുംകൂടെ*

ഒരു യഥാർത്ഥ ദൈവപൈതൽ ഓട്ടക്കളത്തിൽ ഓടുന്നവനെപ്പോലെയത്രെ. വിരുതുപ്രാപിപ്പാനായി ഓടുന്നു.

We need strong qualities of discipline, self control, endurance & certain toughness.

2:6 വി. പൗലൂസ് സുവിശേഷകനെ ഒരു കൃഷിക്കാരനോട് ഉപമിക്കുന്നു.

അധ്വാനിക്കുന്ന കൃഷിക്കാരൻ. മടിയുള്ളവനല്ല - ഉഴപ്പനല്ല - നിരന്തരം strive ചെയ്യുന്നവൻ. തന്റെ കൃഷിയിൽ നിന്നും ആദ്യഫലം അനുഭവിക്കാൻ കൃഷിക്കാരൻ യോഗ്യൻ.

നല്ല പടയാളി - തന്നെ പട ചേർത്തവനിൽ നിന്നും പ്രതിഫലം പ്രാപിക്കും.

നല്ല കായികാഭ്യാസി - തന്റെ കിരീടത്തിന് യോഗ്യനായിത്തീരും.

നല്ല കൃഷിക്കാരൻ - തന്റെ കൃഷിയിൽ നിന്നും ആദ്യം ഫലം അനുഭവിക്കുന്നു.

2:7 വി. പൗലൂസ് കൊടുത്ത ഈ ഉദേശങ്ങൾക്കനുസരിച്ച് മുമ്പോട്ടു പോകുവാൻ തിമോത്തിയ്ക്കു ദൈവം കൃപ കൊടുക്കും.

2:8-10 ക്രിസ്തു യേശു സഹനത്തിന്റെ മാതൃക Christ is an example of endurance

അന്ത്യത്തോളം സ്ഥിരതയായി നിൽക്കുക. ഇതിന്റെ വലിയ മാതൃക നമ്മുടെ കർത്താവ് തന്നെ.

തിമോത്തിയ്ക്കുള്ള ഉപദേശം: സുവിശേഷത്തിനായി കഷ്ടം സഹിക്കുമ്പോൾ, നിന്ദയും എതിർപ്പും പരിഹാസവും എല്ലാം നേരിടുമ്പോൾ ഓർക്കാൻ ഒരു വ്യക്തിയുണ്ട് - നമ്മുടെ രക്ഷകനായ ക്രിസ്തു തന്നെ.

Heb 12:2-3 *വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കുക; തന്റെ മുമ്പിൽ വെച്ചിരുന്ന സന്തോഷം ഓർത്തു അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിന്റെ വലത്തുഭാഗത്തു ഇരിക്കയും ചെയ്തു. നിങ്ങളുടെ ഉള്ളിൽ ക്ഷീണിച്ചു മടുക്കാതിരിപ്പാൻ പാപികളാൽ തനിക്കു നേരിട്ട ഇങ്ങനെയുള്ള വിരോധം സഹിച്ചവനെ ധ്യാനിച്ചുകൊൾവിൻ.*

ഒരു ദൈവപൈതലിന് സുവിശേഷവുമായി മുന്നേറുമ്പോൾ കഷ്ടം ഉണ്ട്.

1 Pet 2: 19-24 *ഒരുത്തൻ ദൈവത്തെക്കുറിച്ചുള്ള മനോബോധം നിമിത്തം അന്യായമായി കഷ്ടവും ദുഃഖവും സഹിച്ചാൽ അതു പ്രസാദം ആകുന്നു. നിങ്ങൾ കുറ്റം ചെയ്തിട്ടു അടികൊള്ളുന്നതു സഹിച്ചാൽ എന്തു യശസ്സുള്ളു? അല്ല, നന്മ ചെയ്തിട്ടു കഷ്ടം സഹിച്ചാൽ അതു ദൈവത്തിന്നു പ്രസാദം. അതിന്നായിട്ടല്ലോ നിങ്ങളെ വിളിച്ചിരിക്കുന്നതു. ക്രിസ്തുവും നിങ്ങൾക്കു വേണ്ടി കഷ്ടം അനുഭവിച്ചു, നിങ്ങൾ അവന്റെ കാൽച്ചുവടു പിന്തുടരുവാൻ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു. അവൻ പാപം ചെയ്തിട്ടില്ല; അവന്റെ വായിൽ വഞ്ചന ഒന്നും ഉണ്ടായിരുന്നില്ല. തന്നെ ശകാരിച്ചിട്ടു പകരം ശകാരിക്കാതെയും കഷ്ടം അനുഭവിച്ചിട്ടു ഭീഷണം പറയാതെയും ന്യായമായി വിധിക്കുന്നവങ്കൽ കാര്യം ഭരമേല്പിക്കയത്രേ ചെയ്തതു. നാം പാപം സംബന്ധിച്ചു മരിച്ചു നീതിക്കു ജീവിക്കേണ്ടതിന്നു അവൻ തന്റെ ശരീരത്തിൽ നമ്മുടെ പാപങ്ങളെ ചുമന്നുകൊണ്ടു ക്രൂശിന്മേൽ കയറി; അവന്റെ അടിപ്പിണരാൽ നിങ്ങൾക്കു സൌഖ്യം വന്നിരിക്കുന്നു*

കഷ്ടം നമ്മുടെ ഓഹരി. ക്രിസ്തു നമുക്കു മുമ്പിൽ ഒരു മാതൃക വെച്ചേച്ചു പോയിരിക്കുന്നു.

fleettech@gmail.com

www.gospelinmalayalam.com

സാക്ഷാൽ ദൈവപുത്രൻ, യിസ്രായേൽ രാപ്പകൽ ശ്രദ്ധയോടെ ആരാധിച്ചും കാത്തും ഇരുന്ന മശിഹ, യഹൂദാ ഗോത്രത്തിൽ, ദാവീദിന്റെ വംശത്തിൽ തിരുവെഴുത്തിലെ പ്രവചനപ്രകാരം ജനിച്ചു.

യാതൊരു പാപവും ചെയ്യാതെ, അവന്റെ വായിൽ വഞ്ചന ഒന്നും തന്നെ ഇല്ലാതെ ദുഷ്ടരാൽ നിന്ദ്യമായ ക്രൂശിൽ തറയ്ക്കപ്പെട്ടു, മരിച്ചു, ദൈവശക്തിയാൽ ഉയർത്തെഴുന്നേറ്റ് താൻ ദൈവപുത്രൻ തന്നെ എന്നു ശക്തിയോടെ തെളിയിച്ചു കൊടുത്തു.

2:9 ഇതാകുന്നു സുവിശേഷം. ഈ സുവിശേഷത്തിന്റെ പ്രസംഗമാണ് പൗലൂസിനെ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ ചങ്ങല ധരിച്ച് ജയിലിൽ കിടക്കാൻ ഏല്പിച്ചു കൊടുത്തത്. അപ്പോസ്തോല പ്രവൃത്തി മുഴുവനും വി. പൗലൂസ് അനുഭവിച്ച കഷ്ടങ്ങളുടെ വിവരണമുണ്ട്. (2Cor.11:23- 33) ൽ പൗലൂസിന്റെ തന്നെ വാക്കുകളിൽ കഷ്ടങ്ങളുടെ ഒരു summary ഉണ്ട്.

2Cor.11:23- 33 *ക്രിസ്തുവിന്റെ ശുശ്രൂഷക്കാരോ?ഞാൻ ബുദ്ധിഭ്രമമായി സംസാരിക്കുന്നുഞാൻ അധികം; ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ചു, അധികം പ്രാവശ്യം തടവിലായി, അനവധി അടി കൊണ്ടു, പലപ്പോഴും പ്രാണഭയത്തിലായി; യെഹൂദരാൽ ഞാൻ ഒന്നു കുറയ നാല്പതു അടി അഞ്ചുവട്ടം കൊണ്ടു; മൂന്നുവട്ടം കോലിനാൽ അടികൊണ്ടു; ഒരിക്കൽ കല്ലേറുകൊണ്ടു, മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു, ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. ഞാൻ പലപ്പോഴും യാത്ര ചെയ്തു; നദികളിലെ ആപത്തു, കള്ളന്മാരാലുള്ള ആപത്തു, സ്വജനത്താലുള്ള ആപത്തു, ജതികളാലുള്ള ആപത്തു, പട്ടണത്തിലെ ആപത്തു, കാട്ടിലെ ആപത്തു, കടലിലെ ആപത്തു, കള്ളസ്സഹോദരന്മാരാലുള്ള ആപത്തു; അദ്ധ്വാനം, പ്രയാസം, പലവട്ടം ഉറക്കിളപ്പു, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത എന്നീ അസാധാരണസംഗതികൾ ഭവിച്ചതു കൂടാതെ എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ടു. ആർ ബലഹീനനായിട്ടു ഞാൻ ബലഹീനനാകാതെ ഇരിക്കുന്നു? ആർ ഇടറിപ്പോയിട്ടു ഞാൻ അഴലാതിരിക്കുന്നു? പ്രശംസിക്കേണമെങ്കിൽ എന്റെ ബലഹീനതസംബന്ധിച്ചു ഞാൻ പ്രശംസിക്കും.നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായി എന്നേക്കും വാഴ്ത്തപ്പെട്ടവൻ ഞാൻ ഭോഷ്കല്ല പറയുന്നതു എന്നറിയുന്നു. ദമസ്കൊസിലെ അരേതാരാജാവിന്റെ നാടുവാഴി എന്നെ പിടിപ്പാൻ ഇച്ഛിച്ചു, ദമസ്കപട്ടണത്തെ കാവൽ വെച്ചു കാത്തു. എന്നാൽ അവർ എന്നെ മതിലിലുള്ള ഒരു കിളിവാതിൽവഴിയായി ഒരു കൊട്ടയിൽ ഇറക്കിവിട്ടു, അങ്ങനെ ഞാൻ അവന്റെ കയ്യിൽനിന്നു തെറ്റി ഓടിപ്പോയി.*

ഇവിടെ തന്റെ കൈമേൽ ഒരു ചങ്ങലയുണ്ട്. ഒരു criminal നെപ്പോലെ പൗലൂസ് ആയിരിക്കുന്നു.

എങ്കിലും ദൈവവചനം സ്വാതന്ത്ര്യം തന്നെ. അതു സ്വാതന്ത്ര്യം വരുത്തുന്ന ദൈവശക്തി. അതിനു ബന്ധനമില്ല.

പൗലൂസിനെ തടവിൽ ഇട്ടാലും സുവിശേഷം ഒരു തടസ്സവും ഇല്ലാതെ തുടർന്നേ കഴിയൂ.

പൗലൂസ് തന്റെ അരുമ ശിഷ്യനെ പ്രബോധിപ്പിക്കയാണ് - സുവിശേഷം പിന്തുടരുക.

Go ahead with preaching the Gospel. ദൈവം ശക്തി പകരും.

2:10 അനേകരെ ജീവന്റെ പാതയിലേക്കു നടത്തുവാൻ പൗലോസിന്റെ ബന്ധനങ്ങൾ വഴി തുറക്കട്ടെ. നിത്യ തേജസ്സോടെ ജീവന്റെ സുവിശേഷം വൃതന്മാർക്കു കിട്ടട്ടെ എന്നു പൗലൂസ് പ്രാർത്ഥിക്കുന്നു.

ക്രിസ്തീയ ചരിത്രത്തിൽ ബന്ധനങ്ങളും തടസ്സങ്ങളും സുവിശേഷങ്ങളും അനേകരിലേക്കു കടക്കുവാൻ മുഖാന്തിരങ്ങളായി ഭവിച്ചു എന്നു കാണാം.

ക്രിസ്തുവിന്റെ സ്നേഹം ദൈവമക്കളിൽ വ്യാപരിക്കുന്നതിനാൽ അനേകർ സുവിശേഷം ഘോഷിക്കുമ്പോൾ അത് സ്വീകരിക്കുവാനും നിത്യജീവനെ സ്വന്തമാക്കുവാനും ഇടയാകും.

fleettech@gmail.com

www.gospelinmalayalam.com

2:11-13 A faithful saying.

ഇവിടെ പറയുന്ന രീതിയിലുള്ള ഏറ്റുപറച്ചിൽ അഥവാ proclamation വി. പൗലൂസിന്റെ Pastoral Epistles ൽ പലഭാഗത്തും ഉപയോഗിച്ചിട്ടുണ്ട്.

1Tim 1:15, 1 Tim 4:9, Titus 2:8

1Tim 1:15 — *ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോകത്തിൽ വന്നു എന്നുള്ളതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം തന്നേ; ആ പാപികളിൽ ഞാൻ ഒന്നാമൻ.*

1 Tim 4:9 — *ഇതു വിശ്വാസ്യവും എല്ലാവരും അംഗീകരിപ്പാൻ യോഗ്യവുമായ വചനം.*

Titus 2:8 — *ഉപദേശത്തിൽ നിർമ്മലതയും ഗൌരവവും ആക്ഷേപിച്ചു കൂടാത്ത പത്ഥ്യവചനവും ഉള്ളവൻ ആയിരിക്ക.*

ഇത്തരം ഏറ്റുപറച്ചിൽ സ്നാനത്തോടുചേർന്ന് ഉപയോഗിച്ചതാകാം എന്ന് വേദപണ്ഡിതന്മാരിൽ പലരും കരുതുന്നുണ്ട്.

4 പ്രധാന പ്രഖ്യാപനം ഇവിടെ കാണാം. രണ്ട് പോസിറ്റീവ്, രണ്ട് നെഗറ്റീവ്.

2:11 — **a. "നാം അവനോടുകൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും"**

ഇവിടെ രക്തസാക്ഷിത്വം അല്ല മരണം കൊണ്ട് ഉദ്ദേശിക്കുന്നത്.

ക്രിസ്തുവിനോടുകൂടെ മരിച്ച് അടക്കപ്പെടുന്നതിന്റെ symbolആയ സ്നാനം (baptism) (Col 3:3), (Rom 6:4), Mystical identification with the death and life of Jesus Christ.

Col 3:3 — *നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു.*

Rom 6:4 — *അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ*

**b. സഹിക്കുന്നുവെങ്കിൽ കൂടെ വാഴും.** If we endure (suffer) we shall also reign with him.

Rom 8:17 — *നാം മക്കൾ എങ്കിലോ അവകാശികളും ആകുന്നു; ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ; നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന്നു അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ.*

1 Cor 15:25 — *അവൻ സകലശത്രുക്കളെയും കാൽക്കീഴാക്കുവോളം വാഴേണ്ടതാകുന്നു*

അതുപോലെ തന്നെ നാമും സഹിക്കുന്നുവെങ്കിൽ അവനോടുകൂടെ വാഴും.

2:12 — **c. നാം തള്ളിപ്പറയും എങ്കിൽ അവൻ നമ്മെയും തള്ളിപ്പറയും.** If we disown him he will also disown us.

വിശ്വാസം ത്യജിക്കുന്ന നാൾ വരും എന്ന് പൗലൂസ് മനസ്സിലാക്കി.

1 Tim 4:1, Heb 10:38-39, Matt 10:33

1 Tim 4:1 — *എന്നാൽ ഭാവികാലത്തു ചിലർ വ്യാജാത്മാക്കളെയും ഭൂതങ്ങളുടെ ഉപദേശങ്ങളെയും ആശ്രയിച്ചു ഭോഷ്കു പറയുന്നവരുടെ കപടത്താൽ വിശ്വാസം ത്യജിക്കും എന്നു ആത്മാവു തെളിവായി പറയുന്നു.*

Heb 10:38-39 — *എന്നാൽ 'എന്റെ നീതിമാൻ വിശ്വാസത്താൽ ജീവിക്കും; പിൻമാറുന്നു എങ്കിൽ എന്റെ ഉള്ളത്തിന്നു അവനിൽ പ്രസാദമില്ല'. നാമോ നാശത്തിലേക്കു പിന്മാറുന്നവരുടെ കൂട്ടത്തിലല്ല, വിശ്വസിച്ചു ജീവരക്ഷ പ്രാപിക്കുന്നവരുടെ കൂട്ടത്തിലത്രേ ആകുന്നു.*

Mat 10:33 — *മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവനെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും.*

fleettech@gmail.com

www.gospelinmalayalam.com

രക്ഷയിലേക്ക് വന്ന വിശ്വാസികൾ അന്ത്യം വരെയും സ്ഥിരതയോടെ നിൽക്കേണ്ടത് ആവശ്യം തന്നെ.

2:13 **d. നാം അവിശ്വസ്തർ ആയിത്തീർന്നാലും അവൻ വിശ്വസ്തനായി പാർക്കുന്നു.**

ഇത് വിശ്വാസം ത്യജിക്കുന്നവരെപ്പറ്റിയുള്ളതല്ല. ഒരു യഥാർത്ഥ ദൈവപൈതൽ തന്റെ ജീവിതത്തിൽ വീഴ്ച വന്നാലും ദൈവം അവനെ കൈവിടുകയില്ല.

അതാണ് ദൈവത്തിന്റെ വിശ്വസ്തത.

നാം ബലഹീനർ/ വീഴ്ച സംഭവിച്ചവർ - എങ്കിലും കർത്താവു തള്ളിപ്പറയുന്നില്ല.

നാം മടങ്ങിവരത്തക്കവണ്ണം കർത്താവിന്റെ വിശ്വസ്തതയ്ക്കു മാറ്റം വരുന്നില്ല.

നമ്മെ സ്വീകരിക്കാൻ കർത്താവു കാത്തിരിക്കുന്നു. ഇതാണ് ദൈവത്തിന്റെ മാറ്റംവരാത്ത വിശ്വസ്തത.

2 Tim 2:14-26 Marks on Good workman

**(A) Faithfulness in the Ministry 2 Tim 2: 14-26**

2:14 രക്ഷിക്കപ്പെട്ട് ദൈവകൃപയിൽ ജീവിക്കുന്ന സമൂഹത്തോട് പ്രസംഗിക്കേണ്ട വിഷയം പ്രധാനമായും (Reminders)ഓർമ്മപ്പെടുത്തലുകൾ ആയിരിക്കും.

അവർ അറിഞ്ഞിരിക്കുന്നവയെ വീണ്ടും വീണ്ടും ഓർമ്മപ്പെടുത്തുക.

എഫെസൂസിലെ വിശ്വാസികളെ ഓർമ്മപ്പെടുത്തേണ്ട പ്രധാന സംഗതി:

ഒന്നിനും കൊള്ളാത്ത വാഗ്വാദം ചെയ്യാതിരിക്കുക. Avoid quarrelling about words

ഈ പ്രബോധനം നാം പലയിടത്തും കാണും

1 Tim 1: 3-4, 1 Tim 4:7, 1 Tim 6-4

1 Tim 1: 3-4 *അന്യഥാ ഉപദേശിക്കരുതെന്നും വിശ്വാസം എന്ന ദൈവവ്യവസ്ഥക്കല്ല തർക്കങ്ങൾക്കു മാത്രം ഉതകുന്ന കെട്ടുകഥകളെയും അന്തമില്ലാത്ത വംശാവലികളെയും ശ്രദ്ധികരുതെന്നും ചിലരോടു ആജ്ഞാപിക്കേണ്ടതിന്നു നീ എഫെസൊസിൽ താമസിക്കേണം എന്നു ഞാൻ മക്കെദൊന്യെക്കു പോകുമ്പോൾ അപേക്ഷിച്ചതുപോലെ ഇപ്പോഴും ചെയ്യുന്നു.*

1 Tim 4:7 *ഭക്തിവിരുദ്ധമായ കിഴവിക്കഥകളെ ഒഴിച്ചു ദൈവഭക്തിക്കു തക്കവണ്ണം അഭ്യാസം ചെയ്ക.*

വാഗ്വാദങ്ങൾ പ്രയോജനമുള്ളതല്ല, നേരെമറിച്ച് കേൾക്കുന്നവരെ മറിച്ചു കളയാനേ ഉപകരിക്കുകയുള്ളു.

വാഗ്വാദം ഒഴിവാക്കുക, തർക്കങ്ങൾ ഒഴിവാക്കുക.

2:15 സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിക്ക.

ഈ ഉപദേശം സഭയ്ക്കു നൽകിയിട്ട് 2000 വർഷം കഴിഞ്ഞു.

ഇന്നും എത്രയോ അർത്ഥവത്തായ ഉപദേശം ആണിത്.

സത്യവചനം ഏത്? നമ്മെ ദൈവം ഏല്പിച്ചിരിക്കുന്ന അവന്റെ ജീവനുള്ള വചനത്തിൽ

തിമോത്തി പഴയനിയമത്തിൽ ഉപദേശം ലഭിച്ച വ്യക്തി ആയിരുന്നു.

വി. പൗലൂസിൽ നിന്നും കേട്ടതായ സുവിശേഷ സത്യവചനങ്ങളും തിമോത്തിയ്ക്കു നല്ല നിശ്ചയം ഉണ്ടായിരുന്നു.

നമ്മെ സംബന്ധിച്ച് പഴയനിയമ പുസ്തകവും പുതിയനിയമ പുസ്തകവും ദൈവത്തിന്റെ സത്യവചനമായി നിലകൊള്ളുന്നു.

സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊണ്ട് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിനു കൊള്ളാകുന്നവനായി നില്പാൻ ശ്രമിക്ക.

fleettech@gmail.com

www.gospelinmalayalam.com

ഈ വചനത്തിന്റെ മൂല ഗ്രീക്കു ഭാഷയിൽ ഈ വാക്യം ഇങ്ങനെയാണ്:-

"God's disapproval awaits those who mishandle God's word".

ദൈവവചനം സ്വന്ത ലാഭത്തിനായി ദുരുപയോഗം ചെയ്യുന്നവനെ ദൈവം ശിക്ഷിക്കും എന്നത് ഓർത്തുകൊൾക.

2:16-17 ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെ ഒഴിഞ്ഞിരിയ്ക്ക.

1Tim 6:20 ജ്ഞാനം എന്ന് വ്യാജമായി പേർ പറയുന്ന നിന്റെ ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങൾ.

1Tim 6:20 *അല്ലയോ തിമൊഥെയോസേ, നിന്റെ പക്കൽ ഏല്പിച്ചിരിക്കുന്ന ഉപനിധി കാത്തുകൊണ്ടു ജ്ഞാനം എന്നു വ്യാജമായി പേർ പറയുന്നതിന്റെ ഭക്തിവിരുദ്ധമായ വ്യർത്ഥാലാപങ്ങളെയും തർക്കസൂത്രങ്ങളെയും ഒഴിഞ്ഞു നിൽക്ക.*

ജ്ഞാനത്തിന്റെ പേർ പറഞ്ഞുകൊണ്ട് നടക്കുന്ന തർക്കങ്ങൾ

ദൈവഭക്തി നഷ്ടപ്പെടുവാൻ കാരണമാകും.

ഭക്തിക്കു വിരുദ്ധമായത് അവരുടെ ജീവിതത്തിൽ അർബുദ വ്യാധിപോലെ സംഭവിച്ചു കൊണ്ടേയിരിക്കും. ഇതിനു പ്രതിവിധി Amputation തന്നെ.

അത്തരം വ്യക്തികളിൽ നിന്ന് ദൈവമക്കൾ ഒഴിഞ്ഞിരിക്കണം.

അവരുമായി Argument ഉം സഹകരണവും വേണ്ട.

അത്തരത്തിലുള്ള രണ്ട് വ്യക്തികളെ വി. പൗലൂസ് കാണിച്ചു കൊടുത്തു.

2:18 1. ഫിലെത്തോസ് (Philetus)

2. ഹുമനയോസ് (Hymenaeus 1 Tim 1:20)

ഇവർ പുനരുത്ഥാനത്തെപ്പറ്റി അസത്യം പ്രചരിപ്പിച്ചു.

ഒന്നാം നൂറ്റാണ്ടിൽ 'Stoicker'കൊണ്ടുനടന്ന ദുരുപദേശവും അവരുടെ പഠിപ്പിക്കലും ആയിരുന്നു അത്.

അവർ പഠിപ്പിച്ചത്. 1. ആത്മാവ് മരണമില്ലാത്തത്. 2. ശരീരം അതിന്റെ തടവറ (താല്ക്കാലികം) ശരീരം ഉയിർക്കയില്ല.

ക്രിസ്തീയ വിശ്വാസത്തിന്റെ കാതലായ ഉപദേശം "വിശ്വാസിയുടെ ശരീരത്തിന്റെ പുനരുദ്ധാരണം" അവർ നിഷേധിച്ചു

(Acts 17:32, 1Cor 15:16)

Acts 17:32 *മരിച്ചവരുടെ പുനരുത്ഥാനത്തെക്കുറിച്ചു കേട്ടിട്ടു ചിലർ പരിഹസിച്ചു; മറ്റുചിലർ: ഞങ്ങൾ ഇതിനെപ്പറ്റി പിന്നെയും നിന്റെ പ്രസംഗം കേൾക്കാം എന്നു പറഞ്ഞു*

1Cor 15:16 *മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല.*

ക്രിസ്തീയ വിശ്വാസങ്ങൾക്കു എതിരായ പഠിപ്പിക്കലുമായി അവർ നടന്നു.

2:19 ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം God's solid foundation

Eph 2:19-22 ക്രിസ്തുയേശു മൂലക്കല്ല്. അപ്പസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനം.

Eph 2:19-22 *ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൌരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രേ. ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്നു കർത്താവിൽ വിശുദ്ധമന്ദിരമായി വളരുന്നു. അവനിൽ നിങ്ങളെയും ദൈവത്തിന്റെ നിവാസമാകേണ്ടതിന്നു ആത്മാവിനാൽ ഒന്നിച്ചു പണിതുവരുന്നു.*

fleettech@gmail.com

www.gospelinmalayalam.com

ഈ കെട്ടിടത്തോടു ചേർത്ത് ഓരോ ദൈവപൈതലിനെയും ആത്മാവിനാൽ ഒന്നിച്ചു പണിതു വരുന്നു.

ഈ അടിസ്ഥാനം നിലനിൽക്കുന്നു. This will stand firm

കർത്താവ് തനിക്കുള്ളവരെ അറിയുന്നു. യാതൊരു സംശയവും വേണ്ട. ഈ സഭ എന്ന സൗധത്തിന്റെ പണി കഴിഞ്ഞ 2000ത്തിൽ പരം വർഷമായി പണിതു കൊണ്ടേയിരിക്കുന്നു.

പഴയനിയമകാലത്ത് ദൈവവ്യവസ്ഥയോട് മത്സരിച്ച കോരഹിന്റെയും കൂട്ടരുടെയും ന്യായവിധി ഒരു മുന്നറിയിപ്പത്രെ. വിശ്വാസം മറിച്ചു കളയുന്നവർ ന്യായവിധി നേരിടേണ്ടിവരും.

Numbers 16:5, Jude 11, Numbers 16:26, Isaiah 52:11

Numbers 16:5 — *അവൻ കോരഹിനോടും അവന്റെ എല്ലാ കൂട്ടരോടും പറഞ്ഞതു: നാളെ രാവിലെ യഹോവ തനിക്കുള്ളവൻ ആരെന്നും തന്നോടടുപ്പാൻ തക്കവണ്ണം വിശുദ്ധൻ ആരെന്നും കാണിക്കും; താൻ തിരഞ്ഞെടുക്കുന്നവനെ തന്നോടു അടുക്കുമാറാക്കും*

Jude 11 — *അവർക്കു അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കയും കൂലി കൊതിച്ചു ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളേത്തന്നേ ഏല്പിക്കയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകയും ചെയ്യുന്നു.*

Numbers 16:26 — *അവൻ സഭയോടു: ഈ ദുഷ്ടമനുഷ്യരുടെ സകലപാപങ്ങളാലും നിങ്ങൾ സംഹരിക്കപ്പെടാതിരിക്കേണ്ടതിന്നു അവരുടെ കൂടാരങ്ങളുടെ അടുക്കൽനിന്നു മാറിപ്പോകുവിൻ; അവർക്കുള്ള യാതൊന്നിനെയും തൊടരുതു എന്നു പറഞ്ഞു.*

Isaiah 52:11 — *വിട്ടു പോരുവിൻ!; വിട്ടുപോരുവിൻ!; അവിടെ നിന്നു പുറപ്പെട്ടുപോരുവിൻ!; അശുദ്ധമായതൊന്നും തൊടരുതു; അതിന്റെ നടുവിൽ നിന്നു പുറപ്പെട്ടുപോരുവിൻ!; യഹോവയുടെ ഉപകരണങ്ങളെ ചുമക്കുന്നവരേ, നിങ്ങളെത്തന്നേ നിർമ്മലീകരിപ്പിൻ.*

വി. പൗലൂസ് രണ്ടു കാര്യങ്ങൾ ഉറപ്പായി പ്രഖ്യാപിക്കുന്നു.

1. സഭയുടെ മേൽ ദൈവത്തിന്റെ പരമാധികാരം. വേറെ ഒന്നിനും ഒരവകാശവും പറവാൻ അധികാരം ഇല്ല.
2. സകല വഞ്ചനകളിൽ നിന്നും ദുരുപദേശത്തിൽ നിന്നും ഒഴിഞ്ഞുനിൽക്കുവാനുള്ള വിശ്വാസിയുടെ ഉത്തരവാദിത്വം. ഇത്ര ശ്രദ്ധയോടെ കരുതലോടെ നാം ജീവിക്കണം.

തിമോത്തി, ദൈവംതമ്പുരാൻ അടിസ്ഥാനമിട്ടു പണിയുന്ന സഭ എന്ന സൗധത്തിന്റെ ഭാവിയെപ്പറ്റി ഒട്ടുംതന്നെ ഭരപ്പെടേണ്ട. അതു ദൈവത്തിന്റെ പരമാധികാരത്തിൽ നിൽക്കുന്ന കാര്യം.

തിമോത്തി, ഒന്നുമാത്രം ശ്രദ്ധിച്ചാൽ മതി. സകല വഞ്ചനയിൽ നിന്നും ദുരുപദേശം പ്രചരിപ്പിക്കുന്ന പൈശാചിക ശക്തികളിൽ നിന്നും ഒഴിഞ്ഞു നിൽക്കുക.

2:20-21 മാനപാത്രം. A clean vessel, A clean instruments

ഒരു വിശ്വാസി തങ്ങളെ തന്നെ എപ്രകാരം ഉപയോഗമുള്ള പാത്രമായി സൂക്ഷിക്കണം

വി. പൗലൂസ് ഒരു example ൽ കൂടെ കാണിച്ചു തരുന്നു.

ഒരു വലിയ വീട്. വീട്ടിൽ ധാരാളം പാത്രങ്ങൾ ഉണ്ട്. സ്വർണ്ണം, വെള്ളി, തടി, കളിമണ്ണ് ഇങ്ങനെ വിവിധ വസ്തുക്കളാൽ നിർമ്മിതമായത്.

ചിലത് noble ആയ കാര്യങ്ങൾക്ക് ഉപയോഗിക്കുന്നു. ചിലത് ഹീനകാര്യങ്ങൾക്ക് ഉപയോഗിക്കുന്നു..

വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നവർ മാനപാത്രങ്ങളായി നിൽക്കുമ്പോൾ ദുരുപദേശങ്ങളിൽ കുടുങ്ങുന്നവർ ഹീനപാത്രങ്ങളായി തീരുന്നു. ഉടമസ്ഥന് ഉപയോഗമില്ലാത്ത പാത്രങ്ങളായി അതു നിൽക്കുന്നു.

fleettech@gmail.com

www.gospelinmalayalam.com

പൗലൂസ് വെളിവാക്കുന്ന example ഇതാണ്.

വിശ്വാസിക്ക് എങ്ങനെ മാന്യകാര്യങ്ങൾക്ക് ഉപയോഗമുള്ള പാത്രമായിത്തീരാൻ കഴിയും?

By cleansing oneself from the ignoble vessels.

ഹീനപാത്രങ്ങളെ വിട്ടകന്ന് തന്നെത്താൻ വെടിപ്പാക്കണം. ഹീനപാത്രങ്ങളുമായുള്ള contact. വിശുദ്ധിയെ ബാധിക്കും. അതുകൊണ്ട് ഹീനപാത്രങ്ങളെ വിട്ടൊഴിഞ്ഞ് 'separation' പ്രാപിക്കണം.

അങ്ങനെയായാൽ നാം വിശുദ്ധീകരിക്കപ്പെട്ടവരും, ഉടമസ്ഥന് ഉപയോഗമുള്ള നല്ല വേലയ്ക്ക് ഒക്കെയും ഒരുങ്ങിയിരിക്കുന്ന മാനപാത്രങ്ങൾ ആകാൻ കഴിയും.

2:22-26 Faithfulnes in conduct <u>വിശ്വസ്തതയുള്ള സ്വഭാവവും പ്രവർത്തനവും</u>

2:22-23 യൗവനമോഹങ്ങളെ വിട്ടോടുക. (Flee from youthful lusts)

തിമോത്തി യുവാവു അത്രെ. ചെറുപ്പത്തിന്റെ ചോരത്തിളപ്പിൽ ഉള്ള സമയം.

പ്രായത്തിൽ കവിഞ്ഞ പക്വത തിമോത്തിയിൽ എപ്പോഴും ഉണ്ടായിരുന്നു.

എങ്കിലും വയോധികനായ പൗലൂസ് യുവാവായ തിമോത്തിക്കു വേണ്ടതായ ഉപദേശം കൊടുക്കുന്നു.

യൗവന മോഹങ്ങളെ കീഴടക്കണം.

നീതിയോടെ വേണം പ്രവൃത്തിക്കുവാൻ. 1 Tim 1:5

1 Tim 1:5 *ആജ്ഞയുടെ ഉദ്ദേശമോ: ശുദ്ധഹൃദയം, നല്ല മനസ്സാക്ഷി, നിർവ്യാജവിശ്വാസം എന്നിവയാൽ ഉളവാകുന്ന സ്നേഹം തന്നേ.*

വിശ്വാസത്തിൽ സ്ഥിരതയും വർദ്ധനയും എന്നും ഉണ്ടാകണം.

എല്ലാവരെയും ഹൃദയപൂർവ്വം സ്നേഹിപ്പാൻ കഴിയണം.

'യൗവന മോഹങ്ങൾ' എന്ന വാക്കിൽ വളരെ കാര്യങ്ങൾ ഉൾക്കൊള്ളുന്നുണ്ട്. അശുദ്ധമായ ജഡികമോഹങ്ങൾ അതിൽ അടങ്ങിയിട്ടുണ്ട്. അവയെ ജയിക്കണം

അതുപോലെ യുവാക്കളിൽ കാണാം ക്ഷമയില്ലായ്മ (impatience), മറ്റുള്ളവരെ സഹിക്കാനുള്ള മനസ്സില്ലായ്മ (intolerance), വാഗ്വാദം ചെയ്യാനുള്ള വ്യഗ്രത (love of argument), സ്വേഛ നിറവേറ്റാനുള്ള കടുംപിടുത്തം (self assertion), പക്ഷപാദം (partiality)

എല്ലാ വിശ്വാസികളുമായി സമാധാനം ആചരിക്കണം. (1 Tim 6:4), തർക്കങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കണം. (Titus 3:9)

Titus 3:9 *മൌഢ്യതർക്കവും വംശാവലികളും കലഹവും ന്യായപ്രമാണത്തെക്കുറിച്ചുള്ള വാദവും ഒഴിഞ്ഞുനിൽക്ക. ഇവ നിഷ്പ്രയോജനവും വ്യർത്ഥവുമല്ലോ*

2:24-26 കർത്താവിന്റെ ദാസൻ ശണ്ഠയിടുന്നവൻ ആകരുത്. ശാന്തൻ, സൗമ്യൻ, ഉപദേശിക്കാൻ സമർത്ഥൻ, ദോഷം സഹിക്കുന്നവൻ. ഈ സ്വഭാവം ദൈവം നമ്മിൽ ആഗ്രഹിക്കുന്നു.

1Thess 2:7, 1 Tim 3:2

1Thess 2:7 *ഒരു അമ്മ തന്റെ കുഞ്ഞുങ്ങളെ പോറ്റുംപോലെ ഞങ്ങൾ നിങ്ങളുടെ ഇടയിൽ ആർദ്രതയുള്ളവരായിരുന്നു*

1 Tim 3:2 *എന്നാൽ അദ്ധ്യക്ഷൻ നിരപവാദ്യനായി ഏകഭാര്യയുടെ ഭർത്താവും നിർമ്മദനും ജിതേന്ദ്രിയനും സുശീലനും അതിഥിപ്രിയനും ഉപദേശിപ്പാൻ സമർത്ഥനും ആയിരിക്കേണം*

വിരോധികളോട് സൗമ്യതയോടെ ഇടപെടണം. ദൈവം അവർക്ക് മാനസാന്തരം നൽകും എന്നുള്ള ആശയോടെ അവരെ കാണണം.

fleettech@gmail.com

www.gospelinmalayalam.com

പൂർണ്ണമായ സത്യം അവർ മനസ്സിലാക്കി മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് അവരെ കൊണ്ടുവരാൻ ശ്രമിക്കണം. അതിനായി പ്രാർത്ഥിക്കണം.

സഹോദരങ്ങളുമായി ഇടപെടുമ്പോൾ ലക്ഷ്യം അവരെ മടക്കി കൊണ്ടു വരാനായിരിക്കണം. ശിക്ഷിപ്പാനല്ല, രക്ഷിപ്പാനായിരിക്കണം ശ്രമിക്കേണ്ടത്. (Redemptive not Punitive).

സാത്താന്റെ വലയിൽ നിന്നും അവർ വിടുവിക്കപ്പെട്ട് ദൈവകൃപയിലേക്കും കൂട്ടായ്മയിലേക്കും മടങ്ങി വരത്തക്കവണ്ണം ഉപദേശിക്കയും ഇടപെടുകയും വേണം.

പിന്മാറ്റത്തിൽ പോയവരുടെ മടങ്ങിവരവായിരിക്കണം ഒരു ദൈവദാസന്റെ ഹൃദയത്തിലെ ആഗ്രഹവും പ്രാർത്ഥനയും.

fleettech@gmail.com